**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1955** **20-06-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ മൃഗസംരക്ഷണ - ക്ഷീരവികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | മൃഗസംരക്ഷണവകുപ്പ് മുഖേന വൈപ്പിൻ നിയോജക മണ്ഡലത്തിൽ മൃഗചികിത്സാ സേവനം വീട്ടുപടിക്കൽ പദ്ധതിയുടെ ഭാഗമായുള്ള രാത്രികാല മൃഗചികിത്സാ സേവനം സ്കീം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ RKI (Rebuild Kerala Initiative) പദ്ധതിയുടെ ഭാഗമായി വൈപ്പിൻ ബ്ലോക്കിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങളിലൂടെ കാലിത്തീറ്റ ധനസഹായ പദ്ധതി, ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സേവനങ്ങളും എന്നീ പദ്ധതികൾ, എറണാകുളം ജില്ലയ്ക്ക് അനുവദിക്കപ്പെടുന്ന ആകെ ഭൗതിക ലക്ഷ്യത്തിന് ആനുപാതികമായി വൈപ്പിൻ മണ്ഡലത്തിന്റെ ആകെ ആവശ്യകത പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ